**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 112** **19-06-2024 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ പ്രവേശനം താലൂക്ക് അടിസ്ഥാനത്തിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിൽ കണക്കാക്കുന്നത് മൂലം അർഹരായ നിരവധി വിദ്യാർത്ഥികൾക്ക് അവരുടെ താലൂക്കിലോ ജില്ലയിലോ പോലും സീറ്റ് ലഭിക്കാത്ത സാഹചര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ഹയർ സെക്കന്ററി പ്ലസ് വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിലല്ല കണക്കാക്കുന്നത്, മറിച്ച് ജില്ലാ അടിസ്ഥാനത്തിലാണ് നടത്തുന്നത്. വി.എച്ച്.എസ്.ഇ വിഭാഗത്തിൽ സ്കൂളുകളുടെ എണ്ണം കുറവായതിനാൽ ഒറ്റ യൂണിറ്റായി പരിഗണിച്ചാണ് അലോട്ട്മെന്റ് നടത്തുന്നത്.<br><br>സംസ്ഥാനത്തെ വി.എച്ച്.എസ്.ഇ പ്ലസ് വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിൽ കണക്കാക്കുന്നത് മൂലം വിദ്യാർത്ഥികൾക്ക് സീറ്റ് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | പ്ലസ് വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിൽ കണക്കാക്കുന്നതിന് പകരം താലൂക്ക് അടിസ്ഥാനത്തിൽ കണക്കാക്കുവാൻ തയ്യാറാകുമോ; | (ബി) | സംസ്ഥാനത്തെ ഹയർ സെക്കന്ററി പ്ലസ് വൺ പ്രവേശനം ജില്ലാടിസ്ഥാനത്തിലാണ് നടത്തുന്നത്. 2023-24 അധ്യയന വർഷം മുതൽ താലൂക്ക് അടിസ്ഥാനത്തിൽ തന്നെ സീറ്റുകളുടെ ലഭ്യത വിലയിരുത്തിയാണ് തുടർ നടപടികൾ സ്വീകരിച്ചു വരുന്നത്.<br><br>വി.എച്ച്.എസ്.ഇ വിഭാഗത്തിൽ സ്കൂളുകളുടെ എണ്ണം കുറവായതിനാൽ സംസ്ഥാന തലത്തിൽ ഒറ്റ യൂണിറ്റായി പരിഗണിച്ചാണ് അലോട്ട്മെന്റ് നടത്തുന്നത്. കേരളത്തിലെ എല്ലാ താലൂക്കുകളിലും വി.എച്ച്.എസ്.ഇ സ്കൂൾ ഇല്ലാത്തതിനാൽ താലൂക്ക് അടിസ്ഥാനത്തിൽ അലോട്ട്മെന്റ് പ്രായോഗികമല്ല. |
| (സി) | ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ ഹയർ സെക്കന്ററി പ്ലസ് വൺ പ്രവേശനം സ്റ്റേറ്റ് യൂണിറ്റ് അടിസ്ഥാനത്തിൽ കണക്കാക്കുന്നതിന് പകരം ജില്ലാ അടിസ്ഥാനത്തിലാണ് നടത്തുന്നത്. അലോട്ട്മെന്റുകൾ അനുവദിക്കുന്നത് ജില്ലാടിസ്ഥാനത്തിൽ ആണെങ്കിലും അതേ താലൂക്കിൽ ഉള്ള സ്കൂളിൽ പ്രവേശനത്തിന് മുൻഗണന ലഭിക്കുവാൻ അതേ താലൂക്കിൽ |

| | | | |
|---|---|---|---|
| | | | താമസിക്കുന്ന വിദ്യാർത്ഥിയ്ക്ക് 1 ബോണസ് പോയിന്റും അതേ തദ്ദേശസ്ഥാപന പരിധിയിൽ താമസിക്കുന്ന വിദ്യാർത്ഥിയ്ക്ക് അതെ തദ്ദേശസ്ഥാപന പരിധിയ്ക്കുള്ളിലെ സ്കൂളിൽ പ്രവേശനത്തിന് മുൻഗണന ലഭിക്കുവാൻ 2 ബോണസ് പോയിന്റും നൽകുന്നുണ്ട്.<br><br>കേരളത്തിലെ എല്ലാ താലൂക്കുകളിലും വി.എച്ച്.എസ്.ഇ സ്കൂൾ ഇല്ലാത്തതിനാൽ താലൂക്ക് അടിസ്ഥാനത്തിൽ അലോട്ട്മെന്റ് പ്രായോഗികമല്ല. നിലവിൽ ഇത് സംബന്ധിച്ച പരാതികൾ ഒന്നും ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ